പ്രകാശവചനം ● സി.എം. റഫീഖ് കോക്കൂർ

# സ്വർഗം ഉറപ്പുവരുത്തുന്ന സന്ദർശനങ്ങൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: مَنْ عَادَ مَرِيضًا أَوْ زَارَ أَخًا لَهُ فِي اللَّهِ نَادَاهُ مُنَادٍ أَنْ طِبْتَ وَطَابَ مَمْشَاكَ وَتَبَوَّأْتَ مِنَ الْجَنَّةِ مَنْزِلاً.

**അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു: രോഗിയെ പരിചരിക്കുകയോ, അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി തന്റെ സ്നേഹിതനെ സന്ദർശിക്കുകയോ ചെയ്യുന്നവനെ വിളിച്ച് മലക്ക് പറയും: നീ നന്നായി ചെയ്തു. നിന്റെ നടത്തം തൃപ്തികരമാക്കി. സ്വർഗത്തിൽ ഒരു വീട് നീ സ്വന്തമായി ഒരുക്കുകയും ചെയ്തു (തിർമുദി).**

രോഗികളെയും സുഹൃത്തുക്കളെയും സന്ദർശിക്കുന്നതിന്റെ മാഹാത്മ്യത്തെ അനാവരണം ചെയ്യുന്ന പ്രവാചകവചനമാണിത്. യാതൊരു ഭൗതിക താൽപര്യങ്ങളുമില്ലാതെ, അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും മാത്രം ലക്ഷ്യമാക്കി രോഗികളെയും സ്നേഹിതന്മാരെയും സന്ദർശിക്കുമ്പോൾ അല്ലാഹുവിങ്കൽ മഹത്തായ പ്രതിഫലത്തിനർഹരാവുകയാണ് ചെയ്യുന്നത്. സ്വർഗത്തിലൊരു വീട് സ്വന്തമാകുകയെന്നത് നിസ്സാര കാര്യമല്ലല്ലോ. പ്രഭാതത്തിൽ രോഗസന്ദർശനം നടത്തുന്നവനു പ്രഭാതം മുതൽ പ്രദോഷം വരെയും പ്രദോഷത്തിൽ സന്ദർശനം നടത്തുന്നവനു പ്രദോഷം മുതൽ പ്രഭാതം വരെയും അല്ലാഹുവിന്റെ സമീപസ്ഥരായ മലക്കുകളുടെ വലിയൊരു സംഘം നിരന്തരം പ്രാർഥിച്ചുകൊണ്ടിരിക്കുമെന്നും ഇത് സംബന്ധമായി പ്രവാചകൻ(സ) പറഞ്ഞിട്ടുണ്ട്.

രോഗസന്ദർശനത്തിന് ചില മര്യാദകൾ ഇസ്‌ലാം നിശ്ചയിച്ചിട്ടുണ്ട്. രോഗിക്ക് വേണ്ടിയുള്ള പ്രാർഥന, ക്ഷേമാന്വേഷണം, ശുഭാപ്തിവിശ്വാസമുണ്ടാക്കിക്കൊടുക്കൽ, ആവശ്യമായ സേവനങ്ങളിൽ തനിക്ക് സാധ്യമായത് ചെയ്തുകൊടുക്കൽ എന്നിവ അവയിൽ മുഖ്യമാണ്.

"മഹാനും സിംഹാസനത്തിന്റെ നാഥനുമായ അല്ലാഹുവിനോട് നിനക്ക് ആശ്വാസവും സൗഖ്യവും പ്രദാനം ചെയ്യാൻ ഞാൻ പ്രാർഥിക്കുന്നു എന്ന് രോഗസന്ദർശന വേളയിൽ ഏഴ് തവണ പ്രാർഥിച്ചാൽ, അവന്റെ അവധി എത്തിയിട്ടില്ലെങ്കിൽ, അത് സുഖപ്പെടാതിരിക്കില്ല" (അബൂദാവൂദ്).

'കുഴപ്പമില്ല, അല്ലാഹു ഉദ്ദേശിച്ചാൽ സുഖപ്പെടുന്നതാണ്. ഇതൊരു ശുദ്ധീകരണമാണ്' (ബുഖാരി) എന്നിങ്ങനെ ശുഭാപ്തി വിശ്വാസം നൽകുന്ന വാക്കുകളും, 'മനുഷ്യരുടെ നാഥാ! ഈ അവശതയെ ദൂരീകരിക്കുകയും ഇദ്ദേഹത്തിന്റെ രോഗം നീ സുഖപ്പെടുത്തുകുയം ചെയ്യേണമേ. യഥാർഥത്തിൽ രോഗം സുഖപ്പെടുത്തുന്നത് നീയാണ്. നിന്റെ ശമനമല്ലാതെ മറ്റൊരു ശമനമില്ല. യാതൊരു രോഗവും അവശേഷിക്കാത്ത ശമനം' (ബുഖാരി, മുസ്‌ലിം) തുടങ്ങിയ പ്രാർഥനകളും രോഗിയുടെ സാന്നിധ്യത്തിൽവെച്ച് നിർവഹിക്കാവുന്നതാണ്.

കരം ഗ്രഹിച്ചുകൊണ്ടോ നെറ്റിയിൽ സ്പർശിച്ചുകൊണ്ടോ ക്ഷേമാന്വേഷണം നടത്തി താൻ എന്ത് സേവനമാണ് ചെയ്ത് തരേണ്ടതെന്നന്വേഷിക്കുകയും സാധ്യമായത് ചെയ്ത് കൊടുക്കുകയും വേണം.

അല്ലാഹുവിന്റെ പൊരുത്തം മാത്രം കാംക്ഷിച്ചുകൊണ്ടുള്ള സുഹൃദ്സന്ദർശനം ഏറെ പുണ്യകരമാണ്. അത് അല്ലാഹുവിന്റെ തൃപ്തിക്കും സ്വർഗലോകത്ത് ഉന്നത പദവിക്കും വഴിയൊരുക്കും. പുനരുത്ഥാനനാളിൽ മഹ്ശറയിൽ, 'എന്റെ മഹത്വം മുൻനിർത്തി പരസ്പരം സ്നേഹിക്കുകയും സന്ദർശനം നടത്തുകയും ചെയ്തവരെവിടെയെന്ന് അല്ലാഹു പ്രത്യേകം അന്വേഷിക്കുമെന്നും അവർക്ക് സവിശേഷ പദവികൾ നൽകുമെന്നും' പ്രവാചകൻ(സ) പഠിപ്പിച്ചിട്ടുണ്ട്. സുഹൃദ്സന്ദർശനത്തിന്റെ മഹത്വം വ്യക്തമാക്കുന്ന മറ്റൊരു പ്രവാചകവചനം ഇങ്ങനെയാണ്. അബൂഹുറയ്റ(റ)ൽ നിന്ന്: ഒരാൾ മറ്റൊരു ഗ്രാമത്തിലുള്ള തന്റെ സഹോദരനെ സന്ദർശിക്കാൻ പോയി. വഴിയിലൊരു മലക്കിനെ അല്ലാഹു പാറാവ് നിർത്തി. മലക്കിന്റെ അടുത്തുകൂടി പോയപ്പോൾ ചോദിച്ചു: 'നീ എവിടെ പോകുന്നു?' അയാൾ പറഞ്ഞു: 'ഞാനീ ഗ്രാമത്തിലുള്ള എന്റെ സഹോദരനെ കാണാൻ പോവുകയാണ്.' മലക്ക് ചോദിച്ചു: 'നീ അവന് നന്ദിചെയ്യാൻ മാത്രമുള്ള വല്ല ഉപകാരവും നിനക്കവൻ ചെയ്തുതന്നിട്ടുണ്ടോ?' അവൻ പറഞ്ഞു: 'ഇല്ല. പക്ഷേ, ഞാനവനെ സ്നേഹിക്കുന്നത്, അല്ലാഹുവിന് വേണ്ടി മാത്രമാണ്.' മലക്ക് പറഞ്ഞു: 'നിശ്ചയം ഞാൻ നിന്നിലേക്കയക്കപ്പെട്ട അല്ലാഹുവിന്റെ ദൂതനാണ്. നിശ്ചയം, നീ അവനെ സ്നേഹിച്ചതിലുപരി അല്ലാഹു നിന്നേയും സ്നേഹിച്ചിരിക്കുന്നു' (മുസ്‌ലിം). ■